ഭരണഭാഷ - മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം-3

Phone : 0471-2324951
0471-2325071
Tele FAX : 0471-2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ജനറൽ/ഇ4/2018/സിഇ/തസ്വഭവ** **തീയതി. 18/04/2022**

## സർക്കുലർ

വിഷയം : തസ്വഭവ - (LID & EW) - പെൻഡിംഗ് ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നത് - സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പ് (LID & EW)-ന് കീഴിൽ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ, ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടികൾ എന്നിവ സംബന്ധിച്ച് അതത് ജില്ല / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ / സർക്കിൾ (നോർത്ത് & സൗത്ത്) കാര്യാലയങ്ങളിൽ നിന്നും സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭിക്കാത്തത് കാരണം നിരവധി ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുള്ളത് നിരവധി തവണ നിയന്ത്രണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണ്. ഫയൽ അദാലത്തുകൾ നടത്തിയിട്ടും ഇനിയും പല ഫയലുകളിലും റിപ്പോർട്ടുകൾ ലഭിക്കാനുണ്ടെന്നുള്ളത് വസ്തുതയാണ്.

തദ്ദേശസ്വയംഭരണ വകുപ്പ് പൊതുസർവീസ് രൂപീകരണവുമായും, സർക്കാരിന്റെ 100 ദിന പരിപാടിയുമായും ബന്ധപ്പെട്ട് പെൻഡിംഗ് ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ പെൻഡിംഗ് ഫയലുകൾ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിലേയ്ക്ക് ഫയൽ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 2022 മേയ് 3-ാം തീയതി മുതൽ 13-ാം തീയതി വരെ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത അദാലത്തിനോടനുബന്ധിച്ച്, അതാത് ജില്ലകളിൽ പെൻഡിംഗ് ഉള്ള ഫയലുകളെ സംബന്ധിച്ച വിശദമായ അറിയിപ്പ് നൽകുന്നതായിരിക്കും. പ്രസ്തുത ഫയലുകളുമായി ബന്ധപ്പെട്ട് വ്യക്തവും വിശദവുമായ റിപ്പോർട്ടുകൾ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. നിയന്ത്രണാധികാരികൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ആയതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

അദാലത്ത് തീയതികൾ വൈകാതെ തന്നെ അറിയിക്കുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (വിജി.)**